# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 27**

---

## ഓണേഴ്സ് ബിരുദം; അന്തിമ അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിനുള്ള അന്തിമ അലോട്ട്മെന്റിന്(നാലാം ഘട്ടം) നാളെ(ഓഗസ്റ്റ് 29) വൈകുന്നേരം നാലുവരെ രജിസ്റ്റർ ചെയ്യാം. അലോട്ട്മെന്റ് 30ന് പ്രസിദ്ധീകരിക്കും. പ്രവേശനം 30, 31 തീയതികളിൽ കോളജുകളിൽ നടക്കും.*

*നിലവിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനമെടുത്തവർക്ക് അന്തിമ അലോട്ട്മെന്റിനായി ഓൺലൈനിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല.*

*(പി.ആർ.ഒ/39/777/2024)*

## പി.ജി; പ്രത്യേക അലോട്ട്മെന്റ്

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രവേശനത്തിന്റെ പ്രത്യേക അലോട്ട്മെൻറിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. നാളെ(ഓഗസ്റ്റ് 29) വൈകുന്നേരം നാലുവരെ രജിസ്റ്റർ ചെയ്യാം. അലോട്ട്മെന്റ് 30ന് പ്രസിദ്ധീകരിക്കും. അന്നും 31നും കോളജുകളിൽ പ്രവേശനം നടക്കും. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം എടുത്തവർക്ക് പ്രത്യേക അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാൻ കഴിയില്ല.*

*(പി.ആർ.ഒ/39/778/2024)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയിൽ വിവിധ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് നാളെ(ഓഗസ്റ്റ് 29) സ്പോട്ട് അഡ്മിഷൻ നടത്തും. എംഎസ്സി ഫിസിക്സ്(നാനോസയൻസ് ആന്റ് നാനോ ടെക്നോളജി), എംഎസ്സി കെമിസ്ട്രി(നാനോസയൻസ് ആന്റ് നാനോ ടെക്നോളജി) എന്നീ പ്രോഗ്രാമുകളിൽ ജനറൽ മെറിറ്റിൽ ഓരോ സീറ്റുകളും എംടെക് നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ ജനറൽ മെറിറ്റിൽ ഒൻപതു സീറ്റുകളും ഒഴിവുണ്ട്.*

*കണ്ണൂർ സർവകലാശാലയുമായി ചേർന്നുള്ള ജോയിന്റ് മാസ്റ്റേഴ്സ് എംഎസ്സി കെമിസ്ട്രി(നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി) പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ ആറു സീറ്റുകളും എംഎസ്സി ഫിസിക്സ് (നാനാസയൻസ് ആന്റ് നാനോ*

*ടെക്നോളജി) പ്രോഗ്രാമിൽ ജനറൽ മെറിറ്റിൽ മൂന്നു സീറ്റുകളുമാണുള്ളത്.*

*അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ഓഗസ്റ്റ് 29ന് രാവിലെ 11.30ന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302, കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. ഫോൺ-9995108534, 9188606223*

............................

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംടെക് പോളിമെർ സയൻസ് ആന്റ് എൻജിനീയറിംഗ് പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ* https://iiucnn.mgu.ac.in/ *എന്ന വെബ്സൈറ്റിൽ. യോഗ്യതയുള്ളവർ അസ്സൽ രേഖകളുമായി ഓഗസ്റ്റ് 30ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലസ്) നേരിട്ട് എത്തണം. ഫോൺ-8075696733, 9744278352*

..............................

*സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജിയിൽ എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ഒഴിവുള്ള മൂന്ന് ജനറൽ മെറിറ്റ് സീറ്റുകളിൽ ഓഗസ്റ്റ് 30ന് സ്പോട്ട് അഡ്മിഷൻ നടത്തും. അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി അന്ന് ഉച്ചയ്ക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) നേരിട്ട് എത്തണം. യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ* https://cat.mgu.ac.in/schoolpolymer.p-hp *എന്ന ലിങ്കിൽ. ഫോൺ 9744278352, 9562578730, 9400201036)*

...........................

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എംടെക്, എംഎസ്സി പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിൽ നാളെ(ഓഗസ്റ്റ് 29) സ്പോട്ട് അഡ്മിഷൻ നടക്കും. എംടെക് എനർജി സയൻസ് ആന്റ് ടെക്നോളജി(ജനറൽ മെറിറ്റ്-4), എംഎസ്സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് ജനറൽ മെറിറ്റ്-4), എംഎസ്സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് ജനറൽ മെറിറ്റ്-1), എംഎസ്സി കെമിസ്ട്രി(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ് ജനറൽ മെറിറ്റ്-2) എന്നിങ്ങിനെയാണ് ഒഴിവുകളുടെ എണ്ണം.*
*അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി അന്ന് രാവിലെ 11.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) എത്തണം. വിശദ വിവരങ്ങൾ* https://sem.mgu.ac.in/ *എന്ന വെബ്സൈറ്റിൽ. ഫോൺ-7736997254.*
*(പി.ആർ.ഒ/39/779/2024)*

## ഡ്രോൺ സർട്ടിഫിക്കറ്റ് കോഴ്സ്; ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഉടൻ ആരംഭിക്കുന്ന മൂന്നു മാസത്തെ ഡ്രോൺ പരിശീലന സർട്ടിഫിക്കറ്റ് കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിനു കീഴിൽ പ്രവർത്തിക്കുന്ന ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.ഐഎസ് ആണ് റോമാട്ട്ലി പൈലറ്റഡ് എയർക്രാഫ്റ്റ് സിസ്റ്റത്തിൽ(ആർ.പി.എ.എസ്) കോഴ്സ് നടത്തുന്നത്.*

*മലേഷ്യ ആസ്ഥാനമായുള്ള എസ്.ജി ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ ഏഷ്യാ സോഫ്റ്റ് ലാബ് പ്രൈവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ നടത്തുന്ന കോഴ്സിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവർക്കാണ് അവസരം. പ്രായം 18നും 60നും മധ്യേ.*

*കൃഷി, ഡാറ്റാ പ്രോസസിംഗ്, ത്രീഡി ഇമേജിംഗ്, ദുരന്തനിവാരണം, സിനിമ തുടങ്ങി വിവിധ മേഖലകളിൽ ഡ്രോണിന്റെ ഉപയോഗം, ഡ്രോൺ റേസിംഗ്, ഡ്രോൺ ഫ്ളൈറ്റ് പ്ലാനിംഗ് ആൻറ് ഓപ്പറേഷൻസ്, ഡ്രോൺ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സിലബസ്.*

*സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്ന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിക്കും. താത്പര്യമുള്ളവർ സെപ്റ്റംബർ ഒന്നിന് മുൻപ് സെന്ററുമായി ബന്ധപ്പെടണം. ഫോൺ- 7012147575,6282448585, 9446767451 ഇമെയിൽ-* uavsesmgu@email.com.

*(പി.ആർ.ഒ/39/780/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ ഐഎംസിഎ(2021 അഡ്മിഷൻ റഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ ഡിഡിഎംസിഎ(2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് സെപ്റ്റംബർ ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി സെപ്റ്റംബർ അഞ്ചുവ രെയും സൂപ്പർ ഫൈനോടുകുടി സെപ്റ്റംബർ ഏഴുവരെയും അപേക്ഷ സ്വീകരി ക്കും.*

*(പി.ആർ.ഒ/39/781/2024)*

## കരാർ നിയമനം; അപേക്ഷ ക്ഷണിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസ സിൽ അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ് ടെക്നിഷ്യൻ തസ്തികയിൽ മുസ്ലിം വിഭാഗത്തി ലുള്ള ഒരൊഴിവിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത കെമിസ്ട്രി, ഫിസിക്സ്, ഇലക്ട്രോണിക്സ് ഇവയിൽ ഏതെങ്കിലും വിഷയ ത്തിൽ എംഎസ്സി. അല്ലെങ്കിൽ ഇൻസ്ട്രുമെന്റേഷൻ എൻജിനിയറിംഗിൽ എംടെക്/ബി ടെക്. പ്രായം 2024 ജനുവരി ഒന്നിന് 36 വയസ് കവയരുത്. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/782/2024)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ഫിസിക്സ്(2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷ യുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധന യ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്റ്റംബർ ഒൻപതു വരെ ഓൺലൈനിൽ അപേ ക്ഷിക്കാം.*

…………………

*നാലാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി, എംഎസ്സി ബയോ സ്റ്റാറ്റിസ്റ്റിക്സ് (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏ പ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും*

*സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ ഒൻപതു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*
*(പി.ആർ.ഒ/39/783/2024)*

## പ്രാക്ടിക്കൽ

*ഒന്നാം വർഷ എംഎസ്സി മെഡിക്കൽ മൈക്രോബയോളജി(2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ ആറു മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.*

..........................................

*ഒന്ന്, രണ്ട് മൂന്ന്, നാല് വർഷ ബിപിടി(2015, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2008 മുതൽ 2013 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്തംബർ രണ്ടു മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.*

..........................................

*രണ്ടാം സെമസ്റ്റർ എംഎസ്സി മോളിക്കുലാർ ബയോളജി ആന്റ് ജനറ്റിക് എൻജിനീയറിംഗ് സിഎസ്എസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 30ന് കോളജുകളിൽ നടത്തും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

.............

*രണ്ടാം സെമസ്റ്റർ സിബിസിഎസ്(പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതല് 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) ബിഎ മദ്ദളം, വീണ, മൃദംഗം പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ രണ്ടു മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............

*രണ്ടാം സെമസ്റ്റർ ബിഎഫ്ടി/ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ സിബിസിഎസ്(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ഓഗസ്റ്റ് 29) ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/784/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**